# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5141 — 06.02.2014 -ലെ മറുപടിക്ക്

## തൃശ്ശൂർ ജില്ലാ പോലീസ് ചീഫ് (റൂറൽ)ന് നൽകപ്പെട്ട 2013 ലെ 1505-ാം നമ്പർ കേസിന്റെ അന്വേഷണം

| ചോദ്യം<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) തൃശ്ശൂർ ജില്ലാ പോലീസ് ചീഫ് (റൂറൽ) ന് നൽകപ്പെട്ട 2013ലെ 1505-ാം നമ്പർ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ; | (എ) & (ബി) തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നൽകപ്പെട്ട നമ്പർ 1505/DPC/CAMP/2013 എന്ന പരാതിയിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്.<br><br>മേൽപരാതി അന്വേഷിച്ച് ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശിച്ച് ചാലക്കുടി സർക്കിൾ ഓഫീസിലേക്ക് അയച്ചുകൊടുത്തതിൻ പ്രകാരം ചാലക്കുടി സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിയതിൽ ഇതിലെ ആവലാതിക്കാരിയുടെ ഭർത്താവായ വരാപ്പുഴക്കാരൻ പോൾ എന്നയാൾ മദ്യപിച്ച് അയൽവാസികളുമായി വഴക്കിടുക പതിവാണെന്നും ഇക്കാര്യത്തിന് അയൽവാസികളുടെ പരാതി പ്രകാരം അന്വേഷണം നടത്താൻ എത്തിയ പോലീസിനോട് പരാതിയിലെ എതിർകക്ഷിയായ രാജൻ എന്നയാൾ പോളിനെതിരെ മൊഴി കൊടുത്തതിലുള്ള വിരോധം വച്ച് 07.12.2013 തീയതി രാത്രി പോൾ മാരകായുധമായ തൂമ്പ കൊണ്ട് കൊത്തിയതിൽ രാജന് പരിക്കുകൾ പറ്റുവാൻ ഇടയായിട്ടുള്ളതുമാണ്. സംഭവത്തിന് ശേഷം പോൾ ഒളിവിൽ പോയിട്ടുള്ളതാണ്. ഇതിനിടയിലാണ് ആവലാതിക്കാരി തന്റെ ഭർത്താവായ പോളിനെ രാജനും ടിയാന്റെ ബന്ധുക്കളും മറ്റും ചേർന്ന് മർദ്ദിച്ചുവെന്നും വീട്ടിൽ കയറി വധഭീഷണി മുഴക്കിയെന്നും ആരോപിച്ച് ഇത്തരത്തിൽ ഒരു പരാതി നൽകിയിട്ടുള്ളത്. |

ചാലക്കുടി പോലീസിന്റെ അന്വേഷണത്തിൽ രണ്ടു പ്രാവശ്യം ഹൃദയാഘാതം കഴിഞ്ഞ് ചികിത്സയിൽ കഴിയുന്ന രാജൻ, പോളിനെ മർദ്ദിക്കുവാൻ സാധ്യതയില്ലാത്തതും ആയത് അന്വേഷണത്തിൽ നിന്ന് വെളിവായിട്ടുള്ളതുമാണ്. ആവലാതിക്കാരി പറയുന്നതു പോലെ പരാതിയിലെ എതിർകക്ഷിയോ ബന്ധുക്കളോ ടിയാളുടെ വീട്ടിൽ കയറി ഭർത്താവിനെ മർദ്ദിക്കുകയോ വധഭീഷണി മുഴക്കുകയോ ചെയ്തിട്ടില്ലാത്തതാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. രാജനെ മർദ്ദിച്ച് ഗുരുതരമായി പരിക്കേൽപ്പിക്കാൻ ഇടയായ കാര്യത്തിന് ആവലാതിക്കാരിയുടെ ഭർത്താവിനെതിരെ ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം 3032/13 u/s 341, 324, 308 IPC പ്രകാരം കേസെടുത്തതിൽ നിന്നും രക്ഷപ്പെടുന്നതിനാണ് ഇത്തരത്തിലുള്ള പരാതി നൽകിയതെന്നും അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളതാണ്.

| | |
|---|---|
| (സി) പ്രസ്തുത പരാതിയിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;<br>(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ? | (സി) & (ഡി) ഉത്തരം (എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ